**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2740** **22-01-2021 - ൽ മറുപടിയ്ക്ക്**

**വന്യമൃഗങ്ങളിൽ നിന്നും കൃഷിസംരക്ഷണത്തിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ | | **Shri. K Raju**<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | കൃഷി ഭൂമിയിൽ എത്തി നാശം വരുത്തുന്ന വന്യമൃഗങ്ങളെ പിടിക്കുന്നതിന് പഞ്ചായത്തുകൾക്ക് അധികാരം നൽകിയിട്ടുണ്ടോ; | (എ) | ഇല്ല |
| (ബി) | കാട്ടുപന്നി, കുരങ്ങ് തുടങ്ങിയവയുടെ ഉപദ്രവത്തിൽ നിന്ന് കൃഷി സംരക്ഷിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; വിശദമാക്കുമോ? | (ബി) | മനുഷ്യന്റെ ജീവനും സ്വത്തിനും കൃഷിക്കും നാശം വരുത്തുന്ന കാട്ടുപന്നികളെ, വനം വകുപ്പ് അധികാരികളുടെ അനുമതിയോടെ, വെടിവച്ചുകൊല്ലുന്നതിന് അനുമതി നൽകിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ, 1972-ലെ വന്യജീവി (സംരക്ഷണ) നിയമത്തിലെ 2(16) വകുപ്പിൽ നിർവചിച്ചിട്ടുള്ളത് പ്രകാരം, ഇത്തരം കാട്ടുപന്നികളെ, ചില ഉപാധികളോടെ, നശിപ്പിക്കാൻ കർഷകർക്കും അധികാരികൾക്കും അനുമതി നൽകിക്കൊണ്ട്, 11/01/2021- ലെ ജി.ഒ.(ആർ.റ്റി) നം. 5/2021/വനം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. വനത്തിനു പുറത്തേക്ക് വരുന്ന മൃഗങ്ങളെ തിരിച്ച് വനത്തിനുള്ളിലേയ്ക്ക് തെളിച്ച വിടുന്നതിനുള്ള സംവിധാനത്തോടെ പ്രവർത്തിക്കുന്ന 15 റാപ്പിഡ് റെസ്പോൺസ് ടീമുകൾ പ്രവർത്തിക്കുന്നുണ്ട്. സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന വന്യജീവികളെ മയക്കുവെടിവച്ചോ, കൂട്ടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസകേന്ദ്രങ്ങളിൽ നിന്നും അകലെയുള്ള വനമേഖലയിലേയ്ക്ക് റി-ലൊക്കേറ്റ് ചെയ്യുന്ന നടപടിയും സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ